III. ശ്രദ്ധക്ഷണിക്കൽ

(1) 'പ്രധാനമന്ത്രിയുടെ ഗ്രാമ സടക് യോജന' പദ്ധതിയുടെ പ്രവർത്തനം

ശ്രീ. ജി. കാർത്തികേയൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സി.എഫ്. തോമസ് അവർകളുടെ ശ്രദ്ധയിലേക്ക് ഗൗരവമായ ഒരു വിഷയം അവതരിപ്പിക്കുന്നതിനുവേണ്ടിയാണ് നോട്ടീസ് നൽകിയിട്ടുള്ളത്. 2000-ൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ഗ്രാമീണ റോഡ് നിർമ്മാണ പദ്ധതിയാണ് 'പ്രധാനമന്ത്രിയുടെ ഗ്രാമ സടക് യോജന'. ഒറ്റപ്പെട്ടു കിടക്കുന്ന ജനവാസ കേന്ദ്രങ്ങളേയും ഗതാഗത സൗകര്യമില്ലാത്ത പ്രദേശങ്ങളേയും ബന്ധിപ്പിക്കുന്നതിനായി ഉന്നതനിലവാരം പുലർത്തുന്ന ഗ്രാമീണ റോഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയാണ്. 2007 ആകുമ്പോൾ രാജ്യത്തെ എല്ലാ പ്രദേശങ്ങളേയും ബന്ധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതി നാലു വർഷമായി കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. സി.എഫ്. തോമസിന്റെ നേതൃത്വത്തിൽ അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ട് നീങ്ങുന്നുവെന്ന് പറയാൻ എനിക്ക് താല്പര്യമുണ്ട്. അത് ഭംഗിയായി നടക്കുന്നുണ്ട്. എങ്കിലും ചില സ്ഥലത്ത് അൽപ്പം മന്ദഗതിയിലാണ് റോഡുകളുടെ നിർമ്മാണ പ്രവർത്തനം നടക്കുന്നത് എന്നുള്ളത് മന്ത്രി ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാലുടൻ ഒരു വർഷത്തിനകം റോഡുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കണമെന്നതാണ് വ്യവസ്ഥ. 2001-ൽ ആരംഭിച്ച പണികൾപോലും ചില സ്ഥലത്ത് പൂർത്തിയായിട്ടില്ല. 2002-ൽ നിർമ്മാണ പ്രവർത്തനമാരംഭിച്ച പകുതിയിലധികം റോഡുകളുടേയും പണികൾ വിവിധ ഘട്ടങ്ങളിലാണ്. കേന്ദ്ര സർക്കാർ നൽകിയ കാലപരിധിക്കുള്ളിൽ റോഡുകളുടെ പണി പൂർത്തിയായില്ലെങ്കിൽ കൂടുതൽ കേന്ദ്രസഹായം ലഭിക്കാൻ ഒരുപക്ഷേ സന്ദർഭമില്ലാതെ വരും. തിരുവനന്തപുരം ജില്ലയിൽ ഈ കാലഘട്ടത്തിൽ ആരംഭിച്ച പ്രവൃത്തികൾപോലും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ആര്യനാട് നിയോജകമണ്ഡലം കൂടി അതിൽ ഉൾപ്പെടുന്നു. പൂർണ്ണമായും കേന്ദ്രഗവൺമെന്റിന്റെ ഗ്രാന്റ് നേടുന്ന ഈ പദ്ധതി പൂർത്തീകരിക്കാതിരിക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളിലേക്ക് ദീർഘമായി ഞാൻ കടന്നുപോകുന്നില്ല.

കേരളത്തിന്റെ വാർഷിക വിഹിതം 20 കോടി രൂപയാണ്. 2000—2001-ൽ 17.96 കോടിരൂപയുടെ പാക്കേജും 2001-2002-ൽ 45.18 കോടി രൂപയുടെ പാക്കേജും നമുക്ക് ലഭിച്ചു. എന്റെ അറിവ് ശരിയാണെങ്കിൽ 2002-03-ൽ ഒരു പാക്കേജിനും അനുമതി ലഭിച്ചിട്ടില്ല. അത് തെറ്റാണെങ്കിൽ ഞാൻ പറഞ്ഞത് പിൻവലിച്ചുകൊള്ളാം. 2003-04-ൽ 20.76 കോടി രൂപയുടെ പാക്കേജിന് അനുമതി ലഭിച്ചു. 2004-05 സാമ്പത്തിക വർഷത്തിന്റെ അവസാന സമയമായെങ്കിലും ഇതുവരെ പാക്കേജിന് അനുമതി ലഭിച്ചിട്ടില്ലെന്നുള്ളതാണ് സത്യം. കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് 100 കോടി രൂപയുടെയെങ്കിലും പാക്കേജ് ലഭിക്കേണ്ടതായിരുന്നു. എന്നാൽ 84.90 കോടിരൂപയുടെ പാക്കേജ് മാത്രമാണ് സംസ്ഥാനത്തിന് ലഭിച്ചത്. ഇത് സൂചിപ്പിക്കാൻ കാരണം മറ്റ് സംസ്ഥാനങ്ങൾ പോയ വേഗതയിൽ നമുക്കും കൂടി പോകാൻ കഴിയണം. മറ്റ് സംസ്ഥാനങ്ങളിലെല്ലാം പ്രധാന മന്ത്രിയുടെ ഗ്രാമീണ സടക് യോജനയുടെ പ്രവർത്തനം വിപുലമാക്കുന്നതിന് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. റൂറൽ റോഡ്

LIBRARY ARCHIVES Kerala Legislative Assembly

ഡവലപ്മെന്റൽ ഏജൻസികൾ വർക്ക് ചെയ്യുന്നുണ്ട്. ഇത് ഹൈലി പ്രൊഫഷണൽ ആയിരിക്കും. ഇവിടെ അത്തരം ഏജൻസികളില്ല. ഏജൻസി വേണമെന്ന് ഞാൻ നിർബന്ധിക്കുന്നില്ല. നമ്മുടെ ഡവലപ്മെന്റിൽ ഉദ്യോഗസ്ഥൻമാരും ബന്ധപ്പെട്ട ആളുകളും അത് നടത്താനുള്ള പക്വതയും അർഹതയും ഉള്ളവരാണെന്ന് സമ്മതിക്കാം. കുറച്ചുകൂടി പ്രൊഫഷണലുകളെ ഇതിനകത്ത് അത്യാവശ്യമാണ് എന്റെ നിയോജകമണ്ഡലത്തിൽ ബഹുമാനപ്പെട്ട മന്ത്രി വന്ന് ആ പ്രദേശങ്ങളിൽ രണ്ടര വർഷങ്ങൾക്കു മുൻപ് ഔപചാരികമായി ഉദ്ഘാടനം ചെയ്ത റോഡുകളുടെ പ്രവർത്തനങ്ങൾ ഇപ്പോഴും പകുതിയിലായി നിൽക്കുന്നു. ഓരോ പ്രദേശങ്ങളിലും വന്നിരിക്കുന്ന ബുദ്ധിമുട്ട്, എവിടെയാണ് അതിന്റെ തകരാറെന്ന് പരിശോധിക്കേണ്ടത് ഡിപ്പാർട്ടുമെന്റാണ്. പൂർണ്ണമായി കേന്ദ്രഗവൺമെന്റിന്റെ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന വലിയ ഒരു പദ്ധതിയാണ്. പ്രധാനമന്ത്രിയുടെ പേരിലുള്ള റോഡ് നിർമ്മാണം പൂർത്തിയാകുമ്പോൾ ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ നമ്മുടെ ഗ്രാമങ്ങളേയും ഒറ്റപ്പെട്ട് കിടക്കുന്ന പ്രദേശങ്ങളേയും യോജിപ്പിക്കാൻ കഴിയും. ഏത് പദ്ധതിയുടേയും വിജയത്തിന്റെ അടിസ്ഥാനഘടകമെന്ന് പറയുന്നത് സമയബന്ധിതമാക്കുക എന്നുള്ളതാണ്. ഇവിടെ പ്രതികളെ കണ്ടെത്താനുള്ള എന്റെ ഉദ്ദേശം അത് സ്വാഭാവികമായിട്ടും നമ്മുടെ സർക്കാരിന്റെ കീഴിൽ കഴിയും. പ്രൊഫഷണലിസം കുറച്ചുകൂടി ഇതിനകത്ത് കൊണ്ടുവന്ന് സമയബന്ധിതമായി പണി പൂർത്തിയാക്കണം. റോഡ് പണി ചെയ്യുന്നത് ജനങ്ങൾക്ക് വേണ്ടിയാണ്. അത് ശ്രദ്ധിക്കേണ്ടത് ഗവൺമെന്റും ഡിപ്പാർട്ടുമെന്റുമാണ്. പലപ്പോഴും നമ്മുടെ നാട്ടിലെ സ്ഥിതി താൽപര്യങ്ങൾ വേറെ പോകുന്നതുകൊണ്ട് എവിടെയെങ്കിലും മാറി പോകുന്നതാണ് ഇന്ന് സംഭവിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കേരളമാകെ സഞ്ചരിക്കുന്ന വ്യക്തിയാണ്. ഇത് അറിയുന്ന വ്യക്തിയാണ്. കൈകാര്യം ചെയ്യാൻ കഴിവുള്ള, പ്രാപ്തിയുള്ള ആളാണ്. അദ്ദേഹത്തിന്റെയും ഈ സഭയുടേയും സത്വരമായ അടിയന്തിര ശ്രദ്ധ ഗ്രാമീണ സടക് യോജന പ്രകാരമുള്ള റോഡുകളുടെ പണി പൂർത്തിയാക്കുന്ന കാര്യത്തിലുണ്ടാകണം.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഗ്രാമീണ സഡക് യോജന പദ്ധതിയിൽ നമ്മുടെ സംസ്ഥാനത്ത് 362 റോഡുകൾക്കാണ് ഇതുവരെ അനുവാദം ലഭിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ 33 റോഡുകൾ അനുവദിച്ചു. അതിൽ 29 എണ്ണം പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ അനുവദിച്ച 184 എണ്ണത്തിൽ. ഇതിൽ പറഞ്ഞിരിക്കുന്ന വീതി നാല് റോഡുകൾക്ക് ഇല്ലാത്തതുകൊണ്ട് അതെടുക്കാൻ ഒത്തില്ല. ബാക്കി 180 എണ്ണത്തിൽ 115 ഉം പൂർത്തിയായി. മൂന്നാം ഘട്ടത്തിൽ 2003-2004-ൽ 53 റോഡുകൾ അനുവദിച്ചു. അതിന്റെ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. എങ്കിലും കേന്ദ്ര ഗ്രാമ വികസനവകുപ്പു വകുപ്പുമന്ത്രി ഇവിടെ എത്തിയപ്പോൾ 96 റോഡുകൾകൂടി അനുവാദം തരികയുണ്ടായി. അങ്ങനെ ആകെ 362 റോഡുകൾക്ക് ഇപ്പോൾ നമുക്ക് അനുവാദം തന്നിട്ടുണ്ട്. ഇവിടെ പറഞ്ഞ നല്ല നിർദ്ദേശങ്ങൾ ഒക്കെ സ്വീകരിക്കാവുന്നതാണ്. പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന—ഇതിൽ നിർമ്മിക്കുന്ന റോഡുകൾ നാഷണൽ ഹൈവേ നിലവാരത്തിൽ നിർമ്മിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുകയാണ്. ഇതിലുള്ള ക്വാളിറ്റി നിർബന്ധമായും കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുന്ന സാധാരണ നമ്മുടെ സ്റ്റേറ്റിൽ നിർമ്മാണം നടക്കുന്ന റോഡുകളിൽനിന്നും വിഭിന്നമായിട്ട് ചില നിബന്ധനകൾ കൂടി ഈ റോഡുകൾക്ക് വയ്ക്കുന്നുണ്ട്. ഏറ്റെടുക്കുന്ന കരാറുകാർക്ക് ഇതിനെക്കുറിച്ച് അറിയില്ല. ഉദാഹരണമായിട്ട് ഇതിന്റെ സോയിൽ ടെസ്റ്റിനുള്ള ലബോറട്ടറികൾ പോലും ഈ

LIBRARY ARCHIVES Kerala Legislative Assembly

റോഡുകൾ ഏറ്റെടുക്കുന്ന കോൺട്രാക്ടർ സ്വന്തമായി ഉണ്ടാക്കണം എന്നുള്ളതണ്. അദ്ദേഹം പോയി സോയിൽ ടെസ്റ്റ് നടത്തണം. ഡിപ്പാർട്ടമെന്റ് നടത്തുന്ന സോയിൽ ടെസ്റ്റും അദ്ദേഹം നടത്തുന്ന സോയിൽ ടെസ്റ്റും ഒരുപോലെ വരണം. അങ്ങനെയൊക്കെയുള്ള നല്ല നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഇതൊന്നും അറിയാതെ ടെന്റർ എടുക്കുന്ന ചില കോൺട്രാക്ടർമാർക്ക് കാര്യങ്ങൾ അറിയില്ല. അതുകൊണ്ട് ചില സ്ഥലങ്ങളിൽ ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ട്. ആദ്യമായതുകൊണ്ട് അങ്ങനെയുള്ള പ്രശ്നങ്ങൾ വന്നതാണ്. ഈ പ്രശനങ്ങൾ പ്രത്യേകമായി പഠിച്ച് കാര്യങ്ങൾ കൂടുതൽ വേഗതയിലാക്കാനും സമയബന്ധിതിമായി ഈ പരിപാടികൾ പൂർത്തിയാക്കാനുമായി ഗവൺമെന്റ് പ്രത്യേകമായിട്ട് ശ്രമിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിൽ പറഞ്ഞ വർക്ക് ഒരു പാക്കേജിൽ ആറ് വർക്കുകളാണുള്ളത്. അത് ഇവിടെ പറഞ്ഞതുപോലെ നേരത്തെ തീരേണ്ടതായിരുന്നു. പക്ഷെ തീർന്നില്ല. ഈ ഏപ്രിൽ, മേയ് മാസത്തിനുള്ളിൽ തീരത്തക്കവണ്ണം ശക്തമായ നടപടികൾ സ്വീകരിക്കും. അതിനുവേണ്ടി പ്രത്യേകമായ ചർച്ചയും ക്രമീകരിച്ചിട്ടുണ്ട്.

ശ്രീ. ജി. കാർത്തികേയൻ: സമയബന്ധിതമായി ഈ റോഡുകളുടെ പണി പൂർത്തിയാക്കുമെന്നുള്ള മന്ത്രിയുടെ പ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. അടിയന്തിരമായ ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകുമെന്നു ഞാൻ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

(2) സുനാമി ദുരന്തം ബാധിച്ച മേഖലകളിലെ വികസന പ്രവർത്തനങ്ങൾ

ശ്രീ. ടി. കെ. ദേവകുമാർ: ആദ്യമായി അങ്ങയോട് ഒരു പരാതി അറിയിക്കുവാനാണ് ആഗ്രഹിക്കുന്നത്. നിയമസഭാ സാമാജികർ സഭയിൽ രേഖാമൂലം എഴുതിക്കൊടുത്ത് ആരോപണം ഉന്നയിച്ചാൽ സഭയിൽ നിഷേധിക്കുകയും അത് കോടതിയിൽ കൊണ്ടുവന്നാൽ ജുഡീഷ്യൽ അന്വേഷണം നടത്താമെന്ന് പറയുകയും ചെയ്യുന്ന സർക്കാരിന്റെ സമീപനം ഈ വക കാര്യങ്ങളൊക്കെ ശ്രദ്ധയിൽ കൊണ്ടുവരാൻ കോടതിയെ സമീപിക്കാൻ നിർബന്ധിതമാക്കുന്നു എന്ന സത്യം ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

മി. സ്പീക്കർ: ഇത് ശ്രദ്ധക്ഷണിക്കലാണ്.

ശ്രീ. ടി. കെ. ദേവകുമാർ: അങ്ങയുടെ ശ്രദ്ധയെ ആദ്യം ഞാൻ ക്ഷണിക്കുകയാണ്. അംഗങ്ങളുടെ അവകാശം സംരക്ഷിക്കാൻ ബാധ്യസ്ഥനായ ചെയർ ഇത് ഒന്ന് ശ്രദ്ധിക്കണം. ഞാനും കോടതിയിൽ പോകാൻ പോകുകയാണ്. കാരണം ചില കാര്യങ്ങൾ സർക്കാരിൽനിന്ന് കിട്ടാൻ കോടതിയിൽ പോകേണ്ടിവരുന്നു. ഞാനിവിടെ സുനാമിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധയിൽകൊണ്ടുവരാൻ ശ്രമിച്ചത് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ടാകുമെന്ന് പ്രതീക്ഷിച്ചു. അദ്ദേഹം ബഹുമാനപ്പെട്ട മാണിസാറിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. കാര്യങ്ങൾ നിർവ്വഹിക്കാൻ ചുമതലയുള്ളയാളെന്ന നിലയിൽ വ്യക്തമായ മറുപടി പ്രതീക്ഷിക്കുന്നു. അന്ന് ചർച്ച ചെയ്തപ്പോൾ നൽകിയ മറുപടി ശരിയല്ലായിരുന്നു. ഞാൻ അങ്ങയോട് ഒരു കാര്യം ചൂണ്ടിക്കാണിക്കുന്നു. കഴിഞ്ഞ മാസം ഇരുപതാം തീയതി മന്ത്രി ശ്രീ. കെ. സി. വേണുഗോപാലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ

LIBRARY ARCHIVES Kerala Legislative Assembly